(ബി) യു. എ. ഇ. യിലെ പൊതുമാപ്പിന്റെ കാലാവധി 1-1-2003 മുതൽ 30-4-2003 വരെ ആയിരുന്നു. അത് പിന്നീട് 30-5-2003 വരെ ദീർഘിപ്പിച്ചിരുന്നു. വീണ്ടും 30-6-2003 വരെ ദീർഘിപ്പിച്ചതായി മാധ്യമങ്ങൾ വഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഔദ്യോഗിക അറിയിപ്പൊന്നും ഇക്കാര്യത്തിൽ സർക്കാരിനു ലഭിച്ചിട്ടില്ല.

(സി & ഡി) ഇത് സംബന്ധിച്ച വിവരമൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല. വിദേശകാര്യ മന്ത്രാലയവുമായും യു. എ. ഇ. യിലെ നയതന്ത്രകാര്യാലയങ്ങളുമായും ഇക്കാര്യത്തിൽ രേഖാമൂലം ബന്ധപ്പെട്ടിട്ടുണ്ട്.

(ഇ) യു. എ. ഇ. -യിൽ പൊതുമാപ്പ് പ്രഖ്യാപിച്ച ദിവസം തന്നെ സംസ്ഥാന മന്ത്രിസഭ നോർക്ക-ഇൻഫർമേഷൻ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ക്യാബിനറ്റ് സബ്-കമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി. പ്രസ്തുത കമ്മിറ്റി അന്നു തന്നെ യോഗം ചേർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ചചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ കളക്ടർമാർ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ, എയർപോർട്ട് കസ്റ്റംസ്, പാസ്പോർട്ട് തുടങ്ങി ഇതുമായി ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥരുടെ ഒരു സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ വരുന്നവർക്ക് എല്ലാ സഹായവും ചെയ്ത് കൊടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമെന്ന് കണ്ടാൽ കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനും ബോംബെയിൽ നിന്നും കേരളത്തിലേക്ക് ട്രെയിൻ സർവ്വീസ് സൗജന്യമായി ഏർപ്പെടുത്തുന്നതിനും വ്യോമയാന മന്ത്രാലയം, റെയിൽവേ മന്ത്രാലയം എന്നിവയുമായി നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് മുഖ്യമന്ത്രിയും പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിലെത്തുന്ന മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് നോർക്കവകുപ്പു മന്ത്രി യു. എ. ഇ സന്ദർശിക്കുകയും ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങളുമായും യു. എ. ഇ-യിലെ ഇക്കാര്യങ്ങൾ നോക്കുന്ന മന്ത്രിയുമായും ചർച്ച നടത്തുകയുണ്ടായി.

വേന നിർമ്മാണ ബോർഡ് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ

9 (*129) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന വേന നിർമ്മാണ ബോർഡിൽ നിന്നും മുൻകാലങ്ങളിൽ വായ്പയെടുത്ത നിലവിലുള്ള വായ്പക്കാർ നൽകേണ്ടിയിരുന്ന പലിശ എത്രയായിരുന്നു ;

(ബി) പ്രസ്തുത പലിശയുടെ തോതു കുറയ്ക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞുവോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവന നിർമ്മാണ ബോർഡ് നിലവിൽ ഈടാക്കുന്ന പലിശയുടെ തോത് എത്രയാണ് ;

(ഡി) മുൻകാലങ്ങളിൽ ഈടാക്കിക്കൊണ്ടിരുന്ന പലിശയുടെ തോത് എത്രയാണ് ;

(ഇ) നബാർഡിൽ നിന്നും മറ്റു ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും എത്ര ശതമാനം പലിശയ്ക്കാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ലോൺ കിട്ടുന്നതെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1. ദുർബല വിഭാഗക്കാർക്കുള്ള വായ്പ — 13.5% വരെ
(കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5%)

2. താഴ്ന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ — 11.5% മുതൽ 15.5% വരെ

3. ഇടത്തരം വരുമാന വിഭാഗ വായ്പ പദ്ധതികൾ — 12.5% മുതൽ 18.25% വരെ

4. ഉയർന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ — 16% മുതൽ 20% വരെ

(ബി) മുൻകാലങ്ങളിൽ ഉയർന്ന പലിശയ്ക്ക് (11.5% മുതൽ 20% വരെ) ഹഡ്കോയിൽ നിന്നും വായ്പയായി എടുത്ത തുകകൾ, ഹഡ്കോ നിവാസിൽ നിന്നും 410 കോടി രൂപ കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി എടുത്ത് തിരിച്ചടയ്ക്കുവാൻ ധാരണാ പത്രംവഴി ഭവന നിർമ്മാണ ബോർഡിനു കഴിഞ്ഞു. പലിശയിൽ ലഭിച്ച ലാഭം ബോർഡിന്റെ നിലവിലുള്ള 30,000 -ൽ അധികം ഗുണഭോക്താക്കൾക്ക് കൈമാറുവാൻ തീരുമാനിച്ചതുമൂലം ബോർഡുമായി ഉയർന്ന പലിശനിരക്കിൽ കരാറുവച്ച് വായ്പ എടുത്തിട്ടുള്ളവർക്ക് പലിശയിൽ 1.5% മുതൽ 4.5% വരെ ഇളവു ലഭിക്കും.

(സി) മുടക്കം കൂടാതെ തിരിച്ചടവു നടത്തുന്നവരുടെ പലിശ

1. ദുർബല വിഭാഗക്കാർക്കുള്ള വായ്പ പദ്ധതി — 13.5% വരെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5%

2. താഴ്ന്ന വരുമാന വായ്പാ പദ്ധതികൾ — 10% മുതൽ 13.5% വരെ

3. ഇടത്തരം വരുമാന വിഭാഗ വായ്പ പദ്ധതികൾ — 12% മുതൽ 14.5% വരെ

4 ഉയർന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ — 12.5% മുതൽ 15.5% വരെ

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടവിൽ മുടക്കം വരുത്തുന്നവർക്ക് പലിശയിളവ് ലഭിക്കുകയില്ല. അവർ നൽകേണ്ട പലിശ താഴെ പറയുന്ന പ്രകാരമാണ് :

	1. ദുർബല വിഭാഗക്കാർക്കുള്ള വായ്പ പദ്ധതി	13.5% വരെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ് സിഡി കഴിച്ച് 5%
	2. താഴ്ന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ	11.5% മുതൽ 15.5% വരെ
	3. ഇടത്തരം വരുമാന വിഭാഗ വായ്പ പദ്ധതികൾ	12.5% മുതൽ 18.25% വരെ
	4. ഉയർന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ	16% മുതൽ 20% വരെ
(ഡി)	1. ദുർബല വിഭാഗക്കാർക്കുള്ള വായ്പ പദ്ധതി	13.5% വരെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ് സിഡി കഴിച്ച് 5%
	2. താഴ്ന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ	11.5% മുതൽ 15.5% വരെ
	3. ഇടത്തരം വരുമാന വിഭാഗ വായ്പ പദ്ധതികൾ	12.5% മുതൽ 18.25% വരെ
	4 ഉയർന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ	16% മുതൽ 20% വരെ
(ഇ)	ഹഡ്കോ	9.91%
	ഹഡ്കോ നിവാസ്	10%
	ഹഡ്കോ (23-5-2003) ലഭിച്ച	
	20 കോടി രൂപയ്ക്കുള്ള വായ്പ	9.75%
	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ	13% (5 കോടി രൂപയ്ക്ക്) 15% (8.63 കോടി രൂപയ്ക്ക്)
	ഫെഡറൽ ബാങ്ക്	12.5%(8കോടി രൂപയ്ക്ക്) 10% (25 കോടി രൂപയ്ക്ക്)

LIBRARY ARCHIVES Kerala Legislative Assembly